# <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ഡയറക്ടറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - പ്രളയ ദുരിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓണാവധി കാലത്ത് ഹോസ്റ്റലുകളിൽ താമസിക്കുന്നതിനുള്ള അനുമതി - ഹോസ്റ്റലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: സി 6/35406/2018/കോ.വി.വ/കെ.ഡിസ്. തീയതി 17/08/2018

---

പരാമർശം:- 17/08/2018 -ലെ തിരുവനന്തപുരം ഗവൺമെന്റ് മെൻസ് ഹോസ്റ്റൽ *വാർഡന്റെ കത്ത് നം. 456/ജി.സി.എച്ച്/2018-19.*

## <u>ഉത്തരവ്</u>

പരാമർശത്തിലെ കത്ത് പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് മെൻസ് ഹോസ്റ്റലിലെ അന്തേവാസികളായ വിവിധ സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികളിൽ പ്രളയ ബാധിത പ്രദേശങ്ങളിൽ നിന്നുള്ളവർക്ക് ഓണാവധിക്ക് വീടുകളിൽ പോകാൻ പറ്റാത്ത സാഹചര്യമായതിനാൽ ഓണാവധിക്ക് അവർക്ക് ഹോസ്റ്റൽ സൗകര്യമൊരുക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് തിരുവനന്തപുരം ഗവൺമെന്റ് മെൻസ് ഹോസ്റ്റൽ വാർഡൻ അഭ്യർത്ഥിച്ചിരിക്കുന്നു.

മേൽ സാചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകളിലെ അന്തേവാസികളായ, പ്രളയ ബാധിത പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഓണാവധിക്ക് അവർക്ക് ഹോസ്റ്റലിൽ താമസിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതിന് എല്ലാ ഹോസ്റ്റൽ വാർഡൻമാർക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഹോസ്റ്റലുകളിലെ ഫുൾടൈം കുക്കുമാരുടെ വെക്കേഷൻ തടഞ്ഞുകൊണ്ട് അത്യാവശ്യം വേണ്ട കുക്കുമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്/-
*ഡോ. ഡി.കെ. സതീഷ്*
കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ
(ഇൻ ചാർജ്)

പകർപ്പ്:-
*സിസ്റ്റം മാനേജർ*
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*വൈ.റ്റി 18/8/18*


GOVERNMENT OF KERALA 2017-18